©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2015 മേയ് 26<br>26th May 2015<br>1190 ഇടവം 12<br>12th Idavam 1190<br>1937 ജ്യേഷ്ഠം 5<br>5th Jyaishta 1937 | നമ്പർ<br>No. 1272 |

## കേരള സർക്കാർ

<u>തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 178/2015/തസ്വഭവ. *തിരുവനന്തപുരം, 2015 മേയ് 26 / 1190 ഇടവം 12.*

**എസ്. ആർ. ഒ. നമ്പർ 339/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 91/94/എൽ.എ.ഡി. നമ്പരായി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിൽ (3)-ാം കോളത്തിൽ പറയുന്ന ചെറിയ നഗരപ്രദേശങ്ങൾക്ക് (5)-ാം കോളത്തിൽ പറയുന്ന

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. 2015.

33/2096/2015/S-9

സ്ഥലം ആസ്ഥാനമാക്കി (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകൾ 2015 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിച്ചുകൊണ്ട്, കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു, അതായത് :—

പട്ടിക

| *ക്രമ നമ്പർ* | *ജില്ല* | *ചെറിയ നഗരപ്രദേശത്തിന്റെ വിവരണം* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിൽ* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | മലപ്പുറം | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്,<br>നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് | കൊണ്ടോട്ടി | കൊണ്ടോട്ടി |
| 2 | കോഴിക്കോട് | ഫറോക്ക് ഗ്രാമപഞ്ചായത്ത് | ഫറോക്ക് | ഫറോക്ക് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ചെറിയ നഗരപ്രദേശങ്ങൾക്ക് ഓരോ മുനിസിപ്പൽ കൗൺസിലുകൾ, 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.